**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഹജ്ജ് തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2025-ലെ ഹജ്ജ് തീർത്ഥാടനത്തിന് കേരളത്തിൽ നിന്നും എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്രപേർക്ക് ഹജ്ജ് തീർത്ഥാടനത്തിന് അവസരം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന നിലവിൽ 20636 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ ഇതുവരെ 15412 പേർക്ക് അവസരം ലഭിച്ചിട്ടുണ്ട്. |
| (ബി) | 2025-ലെ ഹജ്ജ് തീർത്ഥാടകർക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിലെ ഹജ്ജ് തീർത്ഥാടകർക്കായി മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പഠന ക്ലാസ്സ് ഹജ്ജ് കമ്മിറ്റി സംഘടിപ്പിക്കുന്നുണ്ട്. ഹാജിമാർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ നൽകുന്നതിനായി ഓരോ മണ്ഡലങ്ങളിലും ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടുണ്ട്. സൗദി അധികൃതരുമായി ബന്ധപ്പെട്ട് സൗദി അറേബ്യയിലെ സൗകര്യങ്ങൾ ഒരുക്കുന്നത് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയാണ്. കേരളത്തിലെ മൂന്ന് എംബാർക്കേഷനുകളിലും വെച്ച് നടത്തുന്ന ഹജ്ജ് ക്യാമ്പിൽ ഹജ്ജ് തീർത്ഥാടകർ വിമാനത്തിൽ കയറുന്നത് വരെയുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു നൽകുന്നുണ്ട്. |
| (സി) | ഹജ്ജ് തീർത്ഥാടകർക്ക് യാത്രാസൗകര്യം ഏതൊക്കെ വിമാനത്താവളങ്ങളിലൂടെയാണ് ഏർപ്പാടാക്കിയിട്ടുള്ളതെന്നും അവിടെ ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | കേരളത്തിൽ നിന്നും കാലിക്കറ്റ് എയർപോർട്ട്, കൊച്ചി എയർപോർട്ട്(CIAL),കണ്ണൂർ എയർപോർട്ട് (KIAL) എന്നീ എയർപോർട്ടുകളിൽ നിന്നുമാണ് യാത്രാ സൗകര്യം ഉള്ളത്. മൂന്ന് എംബാർക്കേഷൻ പോയിന്റുകളിലും ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജ് ക്യാമ്പുകൾ ഒരുക്കിക്കൊണ്ട് എല്ലാവിധ സൗകര്യങ്ങളും തീർത്ഥാടകർക്ക് നൽകാറുണ്ട് . |

സെക്ഷൻ ഓഫീസർ